بسم الله الرحمن الرحيم
نحمده ونصلى على رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ
12.8.2005
ബൈത്തുൽ ഫുതൂഹ്, ലണ്ടൻ

# നബിതിരുമേനിയുടെ ലാളിത്യവും ഉള്ളതിൽ തൃപ്തിപ്പെട്ടുള്ള ജീവസന്ധാരണവും

**ഹ**സ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***വമാ അനമിനൽ മുത്തകല്ലിഫീൻ*** എന്നത് നബി (സ) തിരുമേനിയുടെ തേജോവിലാസമാണ്.(*38:87*) ഞാൻ ജാഡ കാണിക്കുന്നവരിൽപെട്ടവനല്ല. അവിടത്തെ വാക്കുകളോടൊപ്പം അവിടത്തെ എല്ലാ കർമ്മങ്ങളും ഔപചാരികമായ ജാഡകളിൽനിന്നും അഭിനയങ്ങളിൽ നിന്നും പരിശുദ്ധമായിരുന്നു. ഓരോ പ്രവൃത്തിയിലും ലാളിത്യം പ്രകടമായിരുന്നു. ഈ ലാളിത്യത്തിന്റേയും ജാഡകളിൽനിന്നും അഭിനയങ്ങളിൽനിന്നും മുക്തമായ പരിശുദ്ധജീവിതത്തിന്റേയും നിലവാരം എത്രമാത്രം ഉയർന്നതായിരുന്നുവെന്നുവെച്ചാൽ "ഞാൻ എല്ലാവിധ ഔപചാരികമായ ജാഡകളിൽനിന്നും പരിശുദ്ധനാണ്" എന്ന് ലോകത്തോട് പ്രഖ്യാപിക്കാൻ, ഹൃദയങ്ങളെ അറിയുന്നവനും നബിയായി നിയോഗിച്ചവനും ന്യായപ്രമാണം ഇറക്കിയവനുമായ അല്ലാഹു നബി(സ) തിരുമേനിയോട് പറഞ്ഞു. എന്റെ ജീവിതത്തിൽ ലാളിത്യം തിരുകിത്തിരുകി നിറച്ചുവെച്ചിരിക്കുകയാണ്. അല്ലാഹു നല്കിയിട്ടുള്ള ഭൗതികമായ അനുഗ്രഹങ്ങൾ ആവശ്യഘട്ടങ്ങളിൽ ഞാൻ ഉപയോഗിക്കുന്നു. പക്ഷേ, അതുമാത്രമല്ല ജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും. അതിന്റെ ഉപയോഗവും അല്ലാഹുവിന്റെ കല്പനയും അനുഗ്രഹവും കൊണ്ടുതന്നെയാണ് എന്നതിൽ സംശയമില്ല. എനിക്കിഷ്ടപ്പെട്ട എന്തെങ്കിലും സംഗതി ഉണ്ടെങ്കിൽ, എനിക്ക് താൽപര്യമുള്ള എന്തെങ്കിലും കാര്യമുണ്ടെങ്കിൽ, എനിക്കെന്തെങ്കിലും ലക്ഷ്യവും ഉദ്ദേശ്യവുമുണ്ടെങ്കിൽ, അത് അല്ലാഹുവിന്റെ സത്തയും അവന്റെ സ്നേഹവുമാണ്. ഭൗതിക കാര്യങ്ങളെല്ലാം താൽക്കാലികമാണ്. ഭൗതിക വസ്തുക്കൾ തന്റെ ജീവിതലക്ഷ്യമല്ലെന്ന് അവിടന്ന് കർമ്മങ്ങളിലൂടെ കാണിച്ചതിനോടൊപ്പം, അവയാണ് സർവ്വവും എന്നു കരുതിയിരിക്കരുതെന്നുള്ള പാഠം നമുക്ക് നല്കുകയും ചെയ്തു. ഇതെല്ലാം നിങ്ങൾക്ക് ഗുണത്തിനുവേണ്ടിയാണെന്നത് ശരിതന്നെ. അതിനെ പ്രയോജനപ്പെടുത്തിക്കൊള്ളുക. എന്നാൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ലാളിത്യവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ശൈലിയുമാണ് അതിനുള്ള മാർഗ്ഗം. ഇതുതന്നെയാണ് നിങ്ങൾക്ക് ദൈവസാമീപ്യം നേടിത്തരുന്നതിന് കാരണമായിത്തീരുന്നത്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്ന കാര്യംപോലും മറന്നുപോകുംവിധം നിങ്ങൾ ഭൗതിക സുഖാഡംബരങ്ങൾ അന്വേഷിക്കുന്നതിൽ വ്യാപൃതരായാൽ, പിന്നീട് പതുക്കെപ്പതുക്കെ അതുമാത്രം നിങ്ങളുടെ ലക്ഷ്യവും ഉദ്ദേശ്യവുമായിത്തീരുന്നതാണ്. അങ്ങനെ എന്നെന്നേക്കുമായി ദൈവസ്മരണ മനസ്സിൽനിന്ന് വിടപറയും. നിങ്ങളുടെ അടിസ്ഥാന ലക്ഷ്യമായി ഭൗതികവസ്തുക്കളെ കാണരുതെന്ന നിർദ്ദേശങ്ങൾ വിശുദ്ധഖുർആൻ വിവിധ സ്ഥലങ്ങളിൽ നമുക്ക് നല്കുന്നുണ്ട്.

അല്ലാഹു പറയുന്നു:

وَلَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِ أَزْوَاجًا مِّنْهُمْ زَهْرَةَ الْحَيَاةِ الدُّنْيَا لِنَفْتِنَهُمْ فِيهِ ۚ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَىٰ

"അവരിൽനിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നല്കി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. അവരെ അതിൽ പരീക്ഷിക്കുന്നതിനു വേണ്ടിയാണ് നാം അത് നല്കിയത്. നിന്റെ നാഥൻ നല്കുന്ന അനുഗ്രഹം ഏറ്റവും ഗുണകരവും കൂടുതൽ നിലനില്ക്കുന്നതുമാകുന്നു." (*20:132*)

ഈ ഭൗതികജീവിത വിഭവങ്ങളും അതിലെ സാധനസാമഗ്രികളുമാണ് എല്ലാം എന്ന് മനസ്സിലാക്കരുത്. ഇതെത്ര വലിയ നിഅ്മത്താണ് എന്നരീതിയിൽ അതിനെ നോക്കിക്കാണുകയുമരുത്. നിഅ്മത്ത് തന്നെയാണ്, അതിൽ സംശയമില്ല. അത് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതുമാണ്. പക്ഷേ, അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം ഒന്നാമതായി മുന്നിലുണ്ടായിരിക്കേണ്ടത്. ഇല്ലെങ്കിൽ ഈ നിഅ്മത്തുകൾതന്നെ, അല്ലാഹുവിൽനിന്ന് നമ്മെ അകറ്റിക്കൊണ്ടുപോകുന്നതാണ്. അങ്ങനെ വരുമ്പോൾ അത്

നിന്ദ്യമത്തായിരിക്കുകയില്ല മറിച്ച്, ലഭ്യനത്തായിരിക്കും. അതുകൊണ്ടാണ് നിങ്ങൾ അല്ലാഹുവിന്റെ രിസ്ഖ് അഥവാ ജീവിതവിഭവം കരസ്ഥമാക്കാൻ ശ്രമിക്കണമെന്ന് പറഞ്ഞത്. തുടർന്ന് യഥാർത്ഥമായ ജീവിത വിഭവം എന്താണെന്ന് വിശദീകരിക്കുകയും ചെയ്തു. ഈ ജീവിതവിഭവം അല്ലാഹുവിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുകയും അവനെ ആരാധിക്കുകയും ദൈവ ഭക്തി അഥവാ തഖ്‌വ സ്വായത്തമാക്കുകയും ചെയ്യുക എന്നതാണ്. ഈ പാഠമനുസരിച്ചാണ് നബി(സ) ഉദാത്തമായ മാതൃക ലോകത്ത് സ്ഥാപിച്ചത്. അത് ഉമ്മത്തിനെ ഉപദേശിക്കുകയും ചെയ്തു. അവിടത്തെ ജീവിതലാളിത്യവും ഭൗതികമായ സ്ഥാനമാനങ്ങളോടുള്ള വെറുപ്പും പ്രകടമാക്കുന്ന ചില ഉദാഹരണങ്ങൾ പറയാം.

അല്ലാഹു, നബി(സ) തിരുമേനിയെ അവസാനത്തെ ന്യായപ്രമാണവാഹിയായ പ്രവാചകനാക്കി നിയോഗിച്ചു. അവിടത്തെ നിയോഗത്തിനുശേഷം ശരീഅത്ത് പരമായ നുബുവ്വത്തിന്റെ എല്ലാ കവാടങ്ങളും അടക്കപ്പെട്ടു. എന്നാൽ, ഈ മഹത്തായ ബഹുമതി, നബി തിരുമേനിയിൽ അന്തസ്സും പ്രൗഢിയും ഒന്നും പ്രകടിപ്പിച്ചില്ല. അവിടത്തെ ജീവിതത്തിൽ ഭരണാധിപത്യത്തിന്റ പ്രകടനം കാണുകയുമില്ല. മറിച്ച് ഈ ബഹുമതി നബി തിരുമേനിയിൽ സുദാരിദ്ര്യവും ലാളിത്യവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനുള്ള വാഞ്ജയും കൂടുതലായി ഉണ്ടാക്കുകയാണ് ചെയ്തത്. കാരണം അല്ലാഹു ഇറക്കിക്കൊടുത്ത അധ്യാപനങ്ങളുടേയും കല്പനകളുടേയും ശരീഅത്തിന്റേയും കൂടുതൽ തിരിച്ചറിവും ജ്ഞാനവും നബി(സ) തിരുമേനിക്കു തന്നെയായിരുന്നു. ആ കല്പനകളനുസരിച്ചുള്ള പ്രവർത്തനത്തിന്റെ ഉന്നതമായ നിലകാണിക്കേണ്ടതും അവിടന്നുതന്നെയായിരുന്നു.

അല്ലാഹുവിന്റെ കല്പനപ്രകാരം, തന്റെ ഉമ്മത്തിന് അവർ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് പറഞ്ഞുകൊടുക്കേണ്ടതും അവിടന്ന് തന്നെയായിരുന്നു. വിശുദ്ധഖുർആനിൽ ഇത്തരം ഒരു കല്പന ഇങ്ങനെ വന്നിരിക്കുന്നു.

وَمَا هَٰذِهِ الْحَيَاةُ الدُّنْيَا إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ
الدَّارَ الْآخِرَةَ لَهِيَ الْحَيَوَانُ ۚ لَوْ كَانُوا يَعْلَمُونَ

"ഈ ഐഹികജീവിതം വിനോദവും കളിയുമല്ലാതെ ഒന്നുമല്ല. പാരത്രികജീവിതം തന്നെയാണ് യഥാർത്ഥ ജീവിതം. അവർ അറിയുന്നവരായിരുന്നെങ്കിൽ!" (29:65)

മറ്റുള്ളവരോടും സ്വന്തം സമുദായക്കാരോടും ഇങ്ങനെ പറയാൻ നബി(സ)ന് നിർദ്ദേശമുണ്ടായി. ഈ ലോകം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. അതുകൊണ്ട് പരലോകത്തെക്കുറിച്ച് ചിന്തിക്കുക. ഈ ഭൗതികസാധനങ്ങൾ ആവശ്യത്തിന്നനുസരിച്ച് ഉപയോഗിച്ചുകൊള്ളുക. പക്ഷേ, അതാണ് ലക്ഷ്യം എന്നു കരുതരുത്. ലളിതമായ ജീവിതവും, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ജീവസന്ധാരണവും, അതുമുഖേന അല്ലാഹുവിനെ സ്മരിക്കലും തീർച്ചയായും ഫലപ്രദമായ കാര്യങ്ങളാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടാൻ സഹായിക്കുന്നതുമാണ്. ദുനിയാവിലെ വിനോദങ്ങളിലും കളികളിലും മുഴുകി, ഭൗതികസുഖാഢംബരങ്ങളിൽ വ്യാപൃതരാകുന്നതിനുപകരം നിങ്ങൾക്കുത്തമമായിട്ടുള്ളത് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും അവന്റെ പാഠമനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നതാണ്.

ഈ പാഠമാണ് നബി(സ) തിരുമേനി നമുക്ക് നല്കിയിട്ടുള്ളത്. ആരാണോ ഈ പാഠം നമുക്ക് നല്കിയത് ആ മഹാത്മാവിന്റെ ദൈവഭക്തിയുടെ നിലവാരവും അസാധാരണമായിരുന്നു. ആ മഹാത്മാവ് അല്ലാഹുവിന്റെ അവസാനത്തെ പ്രവാചകനുമായിരുന്നു. ഇഹലോകജീവിതത്തിൽ എത്ര ഉന്നതമായ മാതൃകയാണ് അവിടന്ന് സ്ഥാപിച്ചതെന്ന് നോക്കുക. അവിടന്ന് ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ഇക്കാര്യത്തെ മുന്നിൽകാണുകയുണ്ടായി. സുദാരിദ്ര്യത്തിന്റേയും ലാളിത്യത്തിന്റേയും പാഠം വീട്ടുകാർക്കും നല്കി. കുട്ടികളിൽപോലും സ്വാധീനമുളവാക്കും വിധമായിരുന്നു ഈ പാഠം നല്കിയിരുന്നത്. തന്റെ രണ്ട് പൊന്നോമന പൗത്രന്മാരിലും, തങ്ങൾ ഒരു വലിയ മനുഷ്യന്റെ പൗത്രന്മാരാണ്- ആ വലിയ മനുഷ്യൻ വുളു ചെയ്യുന്ന വെള്ളംപോലും ശിഷ്യന്മാർ നഷ്ടപ്പെടുത്തിക്കളയാറില്ല- അതുകൊണ്ട് തങ്ങളും ജനങ്ങളുടെ ഇടയിൽ രാജകുമാരന്മാരെപോലെ ജീവിക്കുമെന്ന ചിന്ത വരുത്താൻ നബി(സ) അനുവദിച്ചില്ല. നിങ്ങളുടെ ജീവിതത്തിൽ ലാളിത്യവും സുദാരിദ്ര്യവും നിലനില്ക്കുകയാണെങ്കിൽ, അതിലാണ് നിങ്ങളുടെ മഹത്വം കുടികൊള്ളുന്നതെന്ന് അവിടന്ന് തന്റെ ജീവിതംകൊണ്ട് തന്റെ കുട്ടികൾക്ക് കാണിച്ചുകൊടുത്തു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്‌റത്ത് ഹുസയ്നിബ്നു അലി(റ) പറയുന്നു: ഞങ്ങളോട് സ്നേഹം പ്രകടിപ്പിക്കുന്ന ചിലരോട് ഞങ്ങൾ പറയാറുണ്ടായിരുന്നു: ഞങ്ങളെ സ്നേഹിച്ചുകൊള്ളുക, എന്നാൽ ഇസ്‌ലാമികമായ സ്നേഹം മാത്രമായിരിക്കണമത്. കാരണം "എനിക്കുള്ളതിനേക്കാൾ അധികം പെരുപ്പിച്ച് എന്നെ സമർപ്പിക്കാതിരിക്കുക. എന്തുകൊണ്ടെന്നാൽ, ആദ്യം അല്ലാഹു എന്നെ മനുഷ്യനാക്കുകയും പിന്നീട് റസൂലാക്കുകയുമാണ് ചെയ്തിട്ടുള്ളത്" എന്ന് നബി(സ) തിരുമേനി പറയാറുണ്ടായിരുന്നു.

ഇതായിരുന്നു അവിടന്ന് തന്റെ കർമ്മങ്ങൾ കൊണ്ട്,

തന്റെ വീട്ടുകാർക്ക് നല്കിയിരുന്ന പാഠം. താൻ അല്ലാഹുവിന്റെ ഒരു എളിയ ദാസനാണെന്നും, ഈ ദാസത്വത്തിന്റെ ഉന്നതമായ നിലയാണ് തനിക്ക് ഈ സാമീപ്യം നല്കിയതെന്നും അതുകൊണ്ട് നിങ്ങളും ഈ വിനയവും ലാളിത്യവും സ്വീകരിക്കുക എന്നും അങ്ങനെയായാൽ നിങ്ങൾക്കും അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴി കാണിച്ചുതരുമെന്നും അവിടന്ന് തന്റെ കർമ്മങ്ങൾ കൊണ്ട് അവർക്ക് മനസ്സിലാക്കിക്കൊടുത്തു.

ഒരിടത്ത് അവിടന്ന് പറഞ്ഞു: ഞാൻ ആദം സന്തതികളുടെ നേതാവാണ്. പക്ഷേ, ഇതിൽ അഭിമാനം കൊള്ളേണ്ട കാര്യമൊന്നുമില്ല.

ഹസ്റത്ത് ഹുസയ്ൻ(റ) പറഞ്ഞ കാര്യം, മറ്റൊരു നിവേദനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. ഞാൻ ഹസ്റത്ത് ഉമർ(റ) മിമ്പറിൽനിന്ന് ഈ ഹദീസ് വിവരിക്കുന്നതായി കേട്ടു. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. നസറാണികൾ, ഇബ്നു മർയമിനെ സ്തുതിച്ചതുപോലെയും പ്രകീർത്തിച്ചതുപോലെയും നിങ്ങളെന്നെ സ്തുതിക്കരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രമാണ്. അതുകൊണ്ട് ***ഫഖൂലൂ അബ്ദുല്ലാഹി വ റസൂലുഹു*** എന്നെ അല്ലാഹുവിന്റെ ദാസനെന്നും അവന്റെ റസൂലെന്നും മാത്രം പറയുക.

നബി(സ) ഇരിക്കുന്ന മജ്ലിസുകളിൽ, നബിയുടെ ഈ ലാളിത്യവും വിനയവും കൊണ്ട് പുതിയതായി വരുന്നവർ ആ മഹാത്മാവിനെ തിരിച്ചറിഞ്ഞിരുന്നില്ല. കാരണം സാധാരണവും ഔപചാരിക ജാഡകളൊന്നുമില്ലാത്തതുമായ മജ്ലിസുകളായിരുന്നു അത്.

അത്തരം ഒരു മജ്ലിസിനെക്കുറിച്ച് നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ, ഉച്ച നേരമായിരുന്നു; കഠിനമായ വെയിലും. നബി(സ) ഒരു മരത്തിന്റെ ചുവട്ടിലിരുന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി വരാൻ തുടങ്ങി. നബിയോടൊപ്പം ഹസ്റത്ത് അബൂബക്കർ(റ) ഇരിപ്പുണ്ടായിരുന്നു. നബിയും അബൂബക്കറും സമപ്രായക്കാരായിരുന്നു. മദീനക്കാർ പറയുന്നു: അബൂബക്കറാണ് നബി(സ) തിരുമേനി എന്ന് തെറ്റിദ്ധരിച്ച് ജനങ്ങൾ അദ്ദേഹത്തിന്റെ ചുറ്റും കൂടാൻ തുടങ്ങി. ഹസ്റത്ത് അബൂബക്കർ(റ)ന് ഇത് മനസ്സിലായപ്പോൾ അദ്ദേഹം എഴുന്നേറ്റ് നബി(സ) ന്റെ മേൽ തുണിവിരിച്ച് തണലേകാൻ തുടങ്ങി. അപ്പോഴാണ് നബി(സ) തിരുമേനി ആരാണെന്ന് ജനങ്ങൾക്ക് മനസ്സിലായത്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ശരീഫിബ്നു അബ്ദുല്ലാഹിബ്നു അബുനമിർ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ഹസ്റത്ത് അനസ് ബിൻ മാലിക്(റ) ഇങ്ങനെ പറയുന്നതായി കേട്ടു. ഒരിക്കൽ ഞാൻ പള്ളിയിൽ നബി(സ)യോടൊപ്പം ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ ഒട്ടകപ്പുറത്തു അവിടേക്കു വന്നു. ഒട്ടകത്തെ പള്ളിയിലിരുത്തി കെട്ടിയിട്ടതിനുശേഷം നിങ്ങളിൽ മുഹമ്മദ് ആരാണെന്ന് അയാൾ ചോദിച്ചു. നബി(സ) ഒരു തലയിണയിൽ ചാരി ഇരിക്കുകയായിരുന്നു. ആ വെളുത്തതും തലയിണയിൽ ചാരിയിരിക്കുന്നതുമായ ആളാണ് നബി(സ) എന്ന് ഞാൻ പറഞ്ഞു. അപ്പോൾ താങ്കൾ അബ്ദുൽമുത്തലിബിന്റെ മകനാണോ എന്ന് അയാൾ നബിയോട് ചോദിച്ചു. അതെ എന്ന് അവിടന്ന് അറിയിച്ചു. പിന്നീട് അയാൾ പറയാൻ തുടങ്ങി: ഞാൻ നിങ്ങളോടു ചോദിക്കാനാഗ്രഹിക്കുന്നു: അത് കടുപ്പത്തിൽത്തന്നെ ചോദിക്കും. തെറ്റുധരിക്കരുത്. താങ്കൾക്ക് തോന്നുന്നതുപോലെ ചോദിക്കാമെന്ന് നബി(സ) പറഞ്ഞു. അപ്പോൾ അയാൾ ചോദിച്ചു. നിങ്ങളുടെ റബ്ബിനേയും മറ്റുള്ളവരുടെ റബ്ബിനേയും സാക്ഷിനിറുത്തിക്കൊണ്ട് താങ്കളോട് ചോദിക്കുകയാണ്, താങ്കളെ അല്ലാഹു എല്ലാവർക്കും വേണ്ടി അയച്ചിട്ടുണ്ടോ? അവിടന്ന് പറഞ്ഞു: അല്ലാഹുവിനെകൊണ്ട് സത്യം. അയച്ചിട്ടുണ്ട്. പിന്നീട് ചോദിച്ചു: രാവും പകലുമായി അഞ്ചുനേരം നമസ്കരിക്കാൻ അല്ലാഹു കല്പിച്ചിട്ടുണ്ടോ? അതെ എന്ന് അവിടന്ന് മറുപടി പറഞ്ഞു. വീണ്ടും അയാൾ ചോദിച്ചു: വർഷത്തിലൊരിക്കൽ അതായത് ഈ മാസത്തിൽ(റമളാൻ) നോമ്പുപിടിക്കാൻ അല്ലാഹു കല്പിച്ചിട്ടുണ്ടോ? അല്ലാഹുവാണ, കല്പിച്ചിട്ടുണ്ടെന്ന് അവിടന്ന് പറഞ്ഞു. പിന്നീട് ചോദിച്ചു. ഞങ്ങളിലുള്ള സമ്പന്നരിൽ നിന്ന് സക്കാത്ത് വാങ്ങി ഞങ്ങളിലുള്ള പാവപ്പെട്ടവരിൽ വിതരണം ചെയ്യാൻ അല്ലാഹു കല്പിച്ചിട്ടുണ്ടോ? അവിടന്ന് പറഞ്ഞു: അല്ലാഹുവാണ, അങ്ങനെതന്നെയാണ് കല്പിച്ചിട്ടുള്ളത്. അയാൾ പറഞ്ഞു: താങ്കൾ കൊണ്ടുവന്നിട്ടുള്ള അധ്യാപനത്തിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. ഇവിടെ എന്നെ അയച്ച ഒരു ജനതയുടെ പ്രതിനിധിയാണ് ഞാൻ. എന്റെ പേര് റുമാൻ ബിൻ സാൽബ എന്നാണ്. ഞാൻ മുസ്അദ് ബിൻ ബക്കറിന്റെ സഹോദരനാണ്.

സഹാബിമാരോടുള്ള നബി(സ) തിരുമേനിയുടെ പെരുമാറ്റത്തെ സംബന്ധിച്ചും മറ്റൊരു നിവേദനത്തിൽ നിന്ന് മനസ്സിലാകുന്നുണ്ട്.

നബി(സ) തന്റെ സ്വഹാബത്തിനോടൊപ്പം യാത്രയിലായിരുന്നു. വഴിയിൽ ഭക്ഷണം പാചകം ചെയ്യേണ്ട സമയമെത്തി. ഓരോരുത്തരും ഓരോ ജോലി ഏറ്റെടുത്തു. ചിലർ ആടിനെ അറുക്കാമെന്നും, ചിലർ തൊലി ഉരിക്കാമെന്നും ചിലർ ഭക്ഷണം പാചകം ചെയ്യാമെന്നുമൊക്കെ പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു. ഞാൻ കാട്ടിൽപോയി വിറക് വെട്ടിക്കൊണ്ടുവരാം. ഞങ്ങൾ

ചെയ്തുകൊള്ളാമെന്ന് സ്വഹാബത്ത് പറഞ്ഞു: അവിടന്ന് ചോദിച്ചു. നിങ്ങളെന്തിനാണ് വിഷമിക്കുന്നത്. നിങ്ങൾ പറയുന്നത് എനിക്കറിയാം. പക്ഷേ, അത്തരം ഒരു വിവേചനം ഞാനിഷ്ടപ്പെടുന്നില്ല. കാരണം തന്റെ ജനതയ്ക്കിടയിൽ വേറിട്ട് തിരിച്ചറിയുംവിധം പ്രൗഢിയോടുകൂടി ഇരിക്കാൻ ആഗ്രഹിക്കുന്നവനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല." ഇത് ലാളിത്യത്തിന്റേയും നിസ്വാർത്ഥതയുടേയും പ്രകടനം കാണിക്കാൻ വേണ്ടിയായിരുന്നില്ല. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനും അവന്റെ കല്പനകൾ പ്രവർത്തിച്ചുകാണിക്കുന്നതിനും വേണ്ടിയായിരുന്നു. നബി(സ) തിരുമേനി, സ്വഹാബിമാരുമൊത്ത് സാധാരണരീതിയിൽ ജോലി ചെയ്യുമായിരുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. ഇപ്രകാരംതന്നെ അഹ്സാബ് യുദ്ധാവസരത്തിൽ, ഒരു സാധാരണക്കാരനെപ്പോലെ, സാധാരണ പട്ടാളക്കാരനെപ്പോലെ അവിടന്ന് പ്രവർത്തിക്കുകയുണ്ടായി. നിവേദനത്തിൽ അതിനെക്കുറിച്ച് ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് ബറാഅ്ബിൻ ആസിബ്(റ) പറയുന്നു: അഹ്സാബ് യുദ്ധാവസരത്തിൽ കിടങ്ങ് കുഴിക്കുകയായിരുന്നപ്പോൾ ഒരു സ്ഥലത്തുനിന്ന്, മറ്റൊരു സ്ഥലത്തേക്ക് നബി(സ) തിരുമേനി മണ്ണുകൊണ്ടുപോയി ഇടുന്നത് ഞാൻ കണ്ടു. അവിടത്തെ വയറിന്റെ വെളുത്തഭാഗം മണ്ണുമൂടിക്കളഞ്ഞിരുന്നു. (അതായത് ജോലിയെടുത്തെടുത്ത് ശരീരം മുഴുവൻ മണ്ണായി) അന്ന് മുസ്ലിംകളുടെ അംഗസംഖ്യ വളരെ കുറവായിരുന്നു. പണിയാണെങ്കിൽ വളരെ കൂടുതലും. ഒരാളെ കിട്ടുക എന്നത് വളരെ പ്രാധാന്യമുള്ള വിഷയമായിരുന്നു."

അതുകൊണ്ട് മറ്റു മുസ്ലിംകളെപോലെ താനും ഈ ജോലിയിൽ ഭാഗഭാക്കാകണമെന്ന് നബി(സ) വിചാരിച്ചു. അവിടന്ന് ആ സമയത്ത് പിന്നിൽ മാറിനില്ക്കാൻ തയ്യാറുമല്ലായിരുന്നു. അങ്ങനെ വെറും മേൽനോട്ടം മാത്രം വഹിക്കാതെ, മുസ്ലിംകളോടൊപ്പം നിന്ന് അവിടന്ന് എല്ലാ ജോലിയിലും പങ്കെടുത്തു.

ലളിതമായി ജീവിക്കാനും ഉള്ളതുകൊണ്ട് ജീവസന്ധാരണം നടത്താനും അവിടന്ന് കുട്ടികളോടും പറയുമായിരുന്നു. ഒരിക്കൽ തന്റെ ഓമനപുത്രിയായിരുന്ന ഫാത്വിമ(റ)യെ ഉപദേശിക്കുകയും ചെയ്തു. ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. ആട്ടുകല്ലിൽ ധാന്യങ്ങൾ അരച്ചെടുക്കുന്ന കാരണത്താൽ ഹസ്റത്ത് ഫാത്വിമ(റ) യുടെ കൈയിൽ മുറിവുണ്ടായി. ആ അവസരത്തിൽ നബി(സ) തിരുമേനിയുടെ സന്നിധിയിൽ കുറച്ചു തടവുകാരെ കൊണ്ടുവന്നു. ഹസ്റത്ത് ഫാത്വിമ(റ) നബി(സ) തിരുമേനിയുടെ അടുക്കൽവന്നു. പക്ഷേ, നബിയെ അവിടെ കണ്ടില്ല. അങ്ങനെ ഹസ്റത്ത് ആയിശ(റ) യെ കണ്ട് താൻവന്ന കാര്യം അറിയിച്ചു. നബി(സ) പുറത്തുനിന്ന് അവിടെയെത്തിയപ്പോൾ, ഹസ്റത്ത് ആയിശ(റ) ഫാത്വിമ വന്ന വിവരം പറഞ്ഞു. ഹസ്റത്ത് അലി(റ) പറയുന്നു: അങ്ങനെ നബി(സ) തിരുമേനി ഞങ്ങളുടെ വീട്ടിൽ വന്നു. രാത്രി നേരമായിരുന്നു. ഞങ്ങൾ ഉറങ്ങാൻ കിടന്നുകഴിഞ്ഞിരുന്നു. നബി(സ) വന്നപ്പോൾ ഞങ്ങൾ എഴുന്നേല്ക്കാൻ തുടങ്ങി. എഴുന്നേല്ക്കേണ്ട എന്ന് അവിടന്ന് പറഞ്ഞു. നബി(സ) തിരുമേനി ഞങ്ങളുടെ ഇടയിൽ ഇരുന്നു. നബിതിരുമേനിയുടെ കാലുകളുടെ തണുപ്പ് എന്റെ നെഞ്ചിൽ അനുഭവപ്പെട്ടു. അവിടന്ന് പറഞ്ഞു: "നിങ്ങൾ ചോദിച്ചതിനേക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്കു പറഞ്ഞുതരട്ടെയോ. നിങ്ങൾ ഉറങ്ങാനായി കിടക്കുമ്പോൾ 34 പ്രാവശ്യം ***അല്ലാഹുഅക്ബർ*** എന്നു പറയുക. 35 പ്രാവശ്യം ***സുബ്ഹാനല്ലാഹ്***, 33 പ്രാവശ്യം ***അൽഹം ദുലില്ലാഹ്*** എന്നും പറയുക. ഇത് നിങ്ങൾക്ക് വീട്ടുവേലക്കാരനെ കിട്ടുന്നതിനേക്കാൾ ഉത്തമമാണ്."

അവിടന്ന് തന്റെ പൊന്നോമന മകളുടെ കൈയിലെ മുറിവ് കണ്ടും പിതാവിന്റെ സഹതാപവും അനുകമ്പയും ഉൾക്കൊണ്ടുകൊണ്ടും, അവരുടെ ആ നേരത്തെ ആവശ്യം നിറവേറ്റിയില്ല. മറിച്ച്, ഈ ദുൻയാവിലെ വസ്തുക്കൾ താൽക്കാലികമായി പ്രയോജനം ചെയ്യുന്നവയാണെന്ന ദൈവവചനമനുസരിച്ച്, (നിനക്കാണെങ്കിൽ ഞാനുമായി രക്തബന്ധമാണുള്ളത്, നിന്റെ നന്മയ്ക്കായി ഞാൻ പറയുകയാണ്) നീ ഈ ഭൗതികമായ അലങ്കാരങ്ങളിലേക്ക് നോക്കാതിരിക്കുക. ലാളിത്യവും, ഉള്ളതുകൊണ്ട് ജീവസന്ധാരണം നടത്തുക എന്ന ശീലവും സ്വായത്തമാക്കുക. നിന്റെ കൈകളിലെ ഈ മുറിവും അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹം കൂടുതൽ സ്വരുക്കൂട്ടുന്നതിനായി ഇപ്രകാരം ലളിതമായ ജീവിതം നയിക്കുക. സ്വന്തം ജോലികൾ സ്വന്തം കൈകൊണ്ടു ചെയ്യുക. അതിനോടൊപ്പം അല്ലാഹുവിനെ സ്മരിക്കാൻ തക്ബീറും തസ്ബീഹും പറഞ്ഞുകൊടുക്കുകയും ചെയ്തു.

ആ നേരത്ത് ആവശ്യക്കാർ വേറെയും അവിടെ ഉണ്ടായിരുന്നു. അവിടന്ന് തന്റെ ലളിതമായ ജീവിതമാതൃക നിലനാട്ടാനാണ് അപ്പോൾ ആഗ്രഹിച്ചത്. അതുകൊണ്ട് അവിടന്ന് പറഞ്ഞു: ഈ വസ്തുക്കൾ നീ നിനക്കുവേണ്ടി എടുക്കരുത്, മറിച്ച്, നീ ദൈവസ്മരണയിലേക്കും അവനെ ആരാധിക്കുന്നതിലേക്കും കൂടുതൽ ശ്രദ്ധിക്കുക. ഇഹലോകത്തും പരലോകത്തും ഇതായിരിക്കും നിനക്ക് ഏറ്റവും നല്ല മൂലധനം.

ഇതുപോലുള്ള മറ്റൊരു സംഭവം കൂടി പറയാം. ഫാത്വിമ(റ)യുടെ വിവാഹം നടന്നപ്പോൾ- അത് അങ്ങേയറ്റം സാധാരണനിലയിലുള്ള വിവാഹമായിരുന്നു- ഫാത്വിമായ്ക്ക് കൊടുത്ത സാധനങ്ങളിൽ ഒരു പുത

പ്പും തോൽകൊണ്ടുള്ള ഒരു കുട്ടയുണ്ടായിരുന്നു. അതിൽ ഈന്തപ്പനയുടെ ഓലയും നാരും നിറച്ചുവെച്ചിരുന്നു. അതോടൊപ്പം ധാന്യം പൊടിക്കാൻ ഒരു ആട്ടുകല്ലും വെള്ളം നിറച്ചുവെക്കാനുള്ള തോൽസഞ്ചിയും രണ്ട് കുടവുമാണുണ്ടായിരുന്നത്. ഇതാണ് നബി(സ) തന്റെ മകൾക്കു നല്കിയ സാധനങ്ങൾ. ഇങ്ങനെ ലളിതമായ ജീവിതത്തിന് മാതൃകകാണിക്കുകയും ലളിതമായി ജീവിക്കാൻ അവരോട് പറയുകയും ചെയ്തു.

നബി(സ)യുടെ വീട്ടിലെ ലളിതമായ ജീവിതത്തിന്റെ ചിത്രം ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ വിവരിച്ചിട്ടുണ്ട്. പറയുന്നു:

നബി(സ)ന്റെ കൈയിലുണ്ടായിരുന്ന ഭൗതിക സാധനസാമഗ്രികളുടെ അവസ്ഥ എന്തായിരുന്നു. ഒരിക്കൽ ഹസ്റത്ത് ഉമർ(റ) നബിയുടെ വീട്ടിനുള്ളിൽ പോയി. ഒരു കുട്ടിയെ പറഞ്ഞുവിട്ട് അനുവാദം ചോദിച്ചു. അവിടന്ന് പനയോല കൊണ്ടു നെയ്ത ഒരു പായയിൽ കിടക്കുകയായിരുന്നു. ഉമർ അകത്തു വന്നപ്പോൾ നബി(സ) എഴുന്നേറ്റിരുന്നു. വീട് മുഴുവൻ കാലിയായികിടക്കുന്നതാണ് ഉമർ കണ്ടത്. അലങ്കാരത്തിനുള്ള ഒരു സാധനവും അവിടെ ഉണ്ടായിരുന്നില്ല. ഒരു കൊളുത്തിൽ വാൾ തൂങ്ങി കിടക്കുന്നുണ്ട്. അവിടന്ന് കിടന്ന ഒരു പായുമുണ്ട്. അതിന്റെ അടയാളം അവിടത്തെ പുറത്ത് പതിഞ്ഞുകിടന്നിരുന്നു. ഹസ്റത്ത് ഉമർ(റ) ആ അവസ്ഥ കണ്ട് കരയാൻ തുടങ്ങി. ഉമറേ! താങ്കളെ എന്താണ് കരയിച്ചതെന്ന് അവിടന്ന് ചോദിച്ചു. ഉമർ(റ) പറഞ്ഞു: കിസ്റായുടേയും കൈസറിന്റേയും കൈയിൽ എല്ലാതരം വസ്തുക്കളുമുണ്ട്. അല്ലാഹുവിന്റെ റസൂലും ഈ ലോകത്തിന്റെ രാജാവുമായ അങ്ങ് ഈ അവസ്ഥയിൽ താമസിക്കുന്നു. നബി(സ) അതു കേട്ടപ്പോൾ പറഞ്ഞു ഉമറേ! ഈ ലോകവുമായി എനിക്കെന്തു ബന്ധം. ലക്ഷ്യസ്ഥാനം തേടി ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്നവനെപ്പോലെയാണ് ഞാൻ. അവൻ മരുഭൂമിയിൽ യാത്ര ചെയ്യുകയും കഠിനമായ ചൂട് കാരണത്താൽ താൻ കണ്ട മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കുകയും ചെയ്യുന്നു. വിയർപ്പ് അല്പം വറ്റിയപ്പോൾ, അവൻ വീണ്ടും യാത്ര തുടരുന്നു." ഈ ചിത്രമാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആ ഹദീസിന്റെ വെളിച്ചത്തിൽ വരച്ചുകാണിച്ചത്. നബിയും റസൂലും എപ്പോഴും പരലോകത്തെ മുന്നിൽ കാണുന്നവരാണെന്ന് അവിടന്ന് പറഞ്ഞിട്ടുണ്ട്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബിതിരുമേനിയുടെ ഈ അവസ്ഥ കണ്ടപ്പോൾ സ്വഹാബിമാർ (റ) മെത്ത ഉണ്ടാക്കട്ടെ എന്നു നബിയോട് ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: ഈ ലോകംകൊണ്ട് എനിക്കെന്താണ് നേട്ടം?

ചില നിവേദനങ്ങളിൽ മെത്ത ഉപയോഗിച്ചിരുന്നതായും പറയുന്നുണ്ട്. അതുകൊണ്ട്, ഒരിക്കലും മെത്ത ഉപയോഗിച്ചിട്ടില്ല എന്ന് തെറ്റുധരിക്കരുത്. ആ മെത്തയും മാർദ്ദവമുള്ളതായിരുന്നില്ല. മറിച്ച് ഈന്തപ്പനയുടെ ഇലയോ നാരോ ഉപയോഗിച്ചുണ്ടാക്കിയതായിരുന്നു. പായപോലെതന്നെ അതിന്റെ പാടുകളും ശരീരത്തിൽ പതിക്കുമായിരുന്നു. അവിടത്തെ യഥാർത്ഥ ലക്ഷ്യം, ഈ ഭൗതിക സാധനങ്ങളൊന്നും ദൈവസ്മരണയിൽ നിന്ന് തന്നെ അശ്രദ്ധനാക്കരുതെന്നായിരുന്നു. അതുകൊണ്ടുതന്നെ ഇങ്ങനെ മാർദ്ദവമേറിയ വസ്തുക്കൾ അവിടന്ന് ഉപയോഗിച്ചിരുന്നുമില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ ഹസ്റത്ത് ആയിശ(റ) ഈന്തപ്പന ഓലകൊണ്ടുണ്ടാക്കിയ മെത്തയുടെമേൽ ഒരു ചാദുർ നാലായി മടക്കി വിരിച്ചു. ആ ദിവസം തഹജ്ജുദ് നിസ്കരിക്കാൻ കഴിഞ്ഞില്ല. അവിടന്ന് ചോദിച്ചു: ഇന്നലെ എന്താണ് കിടക്കയിൽ ഒരു മാറ്റം കണ്ടല്ലോ. ഹസ്റത്ത് ആയിശ(റ) പറഞ്ഞു: അതെ, ഈന്തപ്പനയോല അങ്ങയുടെമേൽ തട്ടാതിരിക്കാൻവേണ്ടി ഒരു ചാദുർ നാലായി മടക്കി ഞാൻ വിരിച്ചിരുന്നു. അവിടന്ന് പറഞ്ഞു: അതെടുത്തു മാറ്റുക. ഈ കാരണത്താൽ ഞാനുറങ്ങിപ്പോയി. അതെനിക്ക് സഹിക്കാൻ പറ്റില്ല. ദൈവസ്മരണയിൽനിന്ന് എന്നെ അശ്രദ്ധനാക്കുന്ന ഒന്നും ഞാനിഷ്ടപ്പെടുന്നില്ല.

ഒരിക്കൽ നബി(സ) തിരുമേനി നല്ല അഴകുള്ളതും മിനുസമുള്ളതുമായ ഒരു കുപ്പായമണിഞ്ഞ് നമസ്കരിക്കാൻ പോയി. നമസ്കാരം കഴിഞ്ഞ് തിരികെ വന്നപ്പോൾ ഹസ്റത്ത് ആയിശ(റ)യോട് പറഞ്ഞു: ഈ കുപ്പായം ഇന്നയാൾക്ക് കൊടുത്തേക്കുക. എനിക്കുവേണ്ടി സാധാരണനിലയിലുള്ള കുപ്പായം തുന്നിക്കുക. എന്നെ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അശ്രദ്ധനാക്കുന്ന വസ്ത്രം എനിക്കിടാൻ സാധിക്കുകയില്ല.

നമസ്കരിക്കുന്ന നേരത്ത് വസ്ത്രത്തെക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഇതൊരു മാതൃകയാണ്. നമസ്കാരത്തിന്റെ ശ്രദ്ധ തെറ്റിച്ചുകളയുന്ന അത്തരം വസ്ത്രങ്ങൾ ധരിക്കാൻ പാടില്ല.

ലാളിത്യത്തിന്റെ മറ്റൊരുദാഹരണം കാണുക. ദരിദ്രനാണ് ക്ഷണിക്കുന്നതെങ്കിലും അവിടന്ന് സന്തോഷത്തോടെ അത് സ്വീകരിക്കുമായിരുന്നു. ദരിദ്രരായ ആളുകളുടെ സമ്മാനങ്ങളേയും വിലമതിക്കുമായിരുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ആട്ടിൻകാലാണ് പാകംചെയ്ത് കഴിക്കാൻ വേണ്ടി എന്നെ ആരെങ്കിലും ക്ഷണിച്ചാലും ഞാൻ ആ ക്ഷണം സ്വീകരിക്കുന്നതാണ്. ആടിന്റെ കാലാണ് എനിക്കാരെങ്കിലും തരുന്നതെങ്കിൽ ഞാനതും സ്വീകരിക്കുന്നതാണ്.

ഇത് ദരിദ്രരോട് നബി(സ) തിരുമേനിക്കുണ്ടായിരുന്ന സ്നേഹത്തെ പ്രകടിപ്പിക്കുന്ന കാര്യമാണ്. ദരിദ്രരേയും അശരണരേയും അല്ലാഹു സ്നേഹിക്കുന്നതുകൊണ്ടാണ് അവിടന്ന് അവരെ സ്നേഹിച്ചത്. അതുകൊണ്ട് നബി(സ) ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ എനിക്കും മിസ്ക്കീന്മാരുടെ അവസ്ഥ നല്കേണമേ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് നബി(സ) തിരുമേനി പറയാറുണ്ടായിരുന്നു. അല്ലാഹുവേ, എന്നെ മിസ്ക്കീന്മാരുടെ അവസ്ഥയിൽ ജീവിപ്പിക്കുകയും എന്നെ മിസ്ക്കീന്മാരുടെ അവസ്ഥയിൽ മരിപ്പിക്കുകയും ഖിയാമത്തുന്നാൾ മിസ്ക്കീന്മാരുടെ കൂട്ടത്തിൽനിന്ന് എന്നെ എഴുന്നേല്പിക്കുകയും ചെയ്യേണമേ. അപ്പോൾ ഹസ്റത്ത് ആയിശാ(റ) ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, അങ്ങ് എന്തിനാണ് ഇങ്ങനെ ദുആ ചെയ്യുന്നത്. നബി(സ) മറുപടി നല്കിക്കൊണ്ട് പറഞ്ഞു: കാരണം മിസ്ക്കീന്മാർ, സമ്പന്നരെക്കാൾ നാല്പതു വർഷംമുമ്പേ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അതുകൊണ്ട് ആയിശാ! നീ മിസ്ക്കീന്മാരെ ആട്ടി അകറ്ററുത്. കാരക്കയുടെ കീറാണ് നിനക്ക് കൊടുക്കാൻ കഴിയുന്നതെങ്കിൽ കൊടുക്കുക. മിസ്ക്കീന്മാരെ സ്നേഹിക്കുക. അവരെ നിന്റെ കൂടെ നിർത്തുക. അല്ലാഹു അതിന്റെ ഫലമായി ഖിയാമത്തുന്നാൾ നിനക്ക് അവന്റെ സാമീപ്യം നല്കുന്നതാണ്."

മിസ്ക്കീന്മാരെ സ്നേഹിക്കുകയും അവരെ സന്തോഷിപ്പിക്കുകയും ചെയ്യുന്നതിന്റെ ഉന്നതമായ നിലയാണ് നബി(സ) ലോകത്ത് സ്ഥാപിച്ചത്. അതിനോടൊപ്പം ഉമ്മത്തിനോടും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിന് നിങ്ങൾ മിസ്ക്കീന്മാരെ സ്നേഹിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഔഫാ(റ) പറയുന്നു: നബി(സ) അധികമധികമായി ദൈവസ്മരണ ചെയ്യുകയും അനാവശ്യകാര്യങ്ങളിൽനിന്ന് അകന്നുനില്ക്കുകയും ചെയ്യുമായിരുന്നു. നിസ്കാരം പൊതുവെ ദീർഘിപ്പിക്കുമായിരുന്നു. എന്നാൽ ഖുത്ബ ചെറുതായിരുന്നു. അഹങ്കരിക്കുമായിരുന്നില്ല. യതീംകളുടെയും വിധവകളുടേയും കൂടെനടന്ന് അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിൽ ലജ്ജിക്കുമായിരുന്നില്ല.

ഹസ്റത്ത് ഹാരിസിബ്നു വഹബ്(റ)ൽനിന്ന് നിവേദനം. നബി(സ) പറയുന്നത് ഞാൻ കേട്ടു. സ്വർഗ്ഗവാസികളാരാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? സ്വഹാബത്ത് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു. അവശരും അബലരുമാണവർ. മാത്രമല്ല, അല്ലാഹുവിൽ പ്രതിജ്ഞ ചെയ്താൽ അത് അവൻ (അല്ലാഹു) നിറവേറ്റിക്കൊടുക്കുകയും ചെയ്യും. നരകവാസികളാരാണെന്ന് ഞാൻ നിങ്ങളോട് പറയട്ടെയോ. സഹാബത്ത് പറഞ്ഞു. പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: ക്രൂരമനസ്കരും അന്യായമായി ധനം സംഭരിച്ചുവെക്കുന്നവരും അഹങ്കാരികളുമാണവർ.

സ്വർഗ്ഗം അന്വേഷിക്കുന്നെങ്കിൽ അവശരിലും അബലരിലും അന്വേഷിക്കാൻ അവിടന്ന് സുവാർത്ത അറിയിച്ചു.

ഹസ്റത്ത് അബൂ അബ്ബാസ് സഹ്ലിബ്നു സഅ്ദ് (റ) നിവേദനം ചെയ്യുന്നു: നബി(സ)യുടെ സമീപത്തുകൂടി ഒരാൾ കടന്നുപോയി. അപ്പോൾ അവിടത്തെ സദസ്സിലുള്ള ഒരു വ്യക്തിയോട് ഇയാളെ സംബന്ധിച്ച് നിന്റെ അഭിപ്രായമെന്താണെന്ന് അവിടന്ന് ചോദിച്ചു. അയാൾ പറഞ്ഞു. ഇയാൾ ആദരണീയരായ ആളുകളിൽപ്പെട്ടവനാണ്. വിവാഹം ആലോചിച്ചാൽ നിക്കാഹ് ചെയ്തുകൊടുക്കപ്പെടാനും ശിപാർശ സ്വീകരിക്കപ്പെടാനും അല്ലാഹുവാണ, അർഹതയുള്ളവനാണവൻ. അയാൾ പറയുന്നതുകേട്ട് നബി(സ) മൗനംപാലിച്ചു.

പിന്നീട് വേറൊരാൾ അതിലൂടെ കടന്നുപോയപ്പോൾ നബി(സ) അയാളോട് ചോദിച്ചു. ഇവനെക്കുറിച്ച് നിന്റെ അഭിപ്രായം എന്താണ്. അപ്പോൾ അയാൾ പറഞ്ഞു. അല്ലാഹുവിന്റെ പ്രവാചകരേ! ഇയാൾ നിർദ്ധനരായ മുസ്ലിംകളിൽപ്പെട്ടയാളാണ്. വിവാഹാലോചന നടത്തിയാൽ നിക്കാഹ് ചെയ്തുകൊടുക്കപ്പെടാതിരിക്കാനും വല്ലതും ശിപാർശ ചെയ്താൽ സ്വീകരിക്കപ്പെടാതിരിക്കാനും അനുയോജ്യനാണ്. അപ്പോൾ നബി(സ) പറഞ്ഞു: ഭൂമി നിറയെ, മുമ്പ് നീ പരിചയപ്പെടുത്തിയവരെ പോലുള്ളവരുണ്ടെങ്കിലും ഈ ഒരേയൊരു വ്യക്തിയാണ് അവരേക്കാളും ഉത്തമൻ.

ഫക്കീറും മിസ്ക്കീനും അല്ലാഹുവിന്റെ കൂടുതൽ സമീപസ്ഥരായതുകൊണ്ടാണ് ഈ അവസാനം പറഞ്ഞയാളെ നബി(സ) ഉത്തമനായി പ്രഖ്യാപിച്ചത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിനെ അന്വേഷിക്കുന്നുവെങ്കിൽ പാവപ്പെട്ടവരുടെ ഹൃദയത്തിന്നടുത്ത് അന്വേഷിച്ചുകൊള്ളുക. അതുകൊണ്ടാണ് പ്രവചാകന്മാർ പാവപ്പെട്ടവരുടെ വസ്ത്രം അണിഞ്ഞത്. അതുകൊണ്ട് വലിയവർ ചെറിയവരെ പരിഹസിക്കാതിരിക്കട്ടെ. തന്റെ കുടുംബം വലുതാണെന്നും ആരും അഹങ്കരിച്ചു പറയാതിരിക്കട്ടെ. അല്ലാഹു പറയുന്നു: നിങ്ങൾ എന്റെയടുത്ത് വരുമ്പോൾ നിങ്ങളുടെ ജനത ഏതാണെന്ന് ഞാൻ ചോദിക്കുകയില്ല. നിങ്ങളുടെ കർമ്മം എന്തായിരുന്നു എന്നായിരിക്കും ഞാൻ ചോദിക്കുക. ഇപ്രകാരംതന്നെ തന്റെ

മകളോട് നബി(സ) പറഞ്ഞു. ഫാത്വിമാ! നിന്റെ വ്യക്തിത്വത്തെക്കുറിച്ച് അല്ലാഹു ചോദിക്കുകയില്ല. നീ എന്തെങ്കിലും ദോഷം ചെയ്താൽ പ്രവാചകന്റെ മകളാണെന്ന് വിചാരിച്ച് അല്ലാഹു വിട്ടുവീഴ്ച ചെയ്യുകയുമില്ല.

അവിടത്തെ ഭക്ഷണം എത്രമാത്രം നിസ്സാരമായിരുന്നുവെന്ന് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ഹസ്റത്ത് ഉർവ(റ) നിവേദനം ചെയ്യുന്നു. ഹസ്റത്ത് ആയിശ(റ) എന്നോട് പറഞ്ഞു:

സഹോദരിപുത്രാ! ഞങ്ങൾ നോക്കിനോക്കി നേരംകഴിച്ചിരുന്നു. നബി(സ)യുടെ വീട്ടിൽ രണ്ട് മാസം വരെ അടുപ്പിൽ തീ പൂട്ടിയിട്ടില്ലാത്ത സന്ദർഭവും ഉണ്ടായിട്ടുണ്ട്. അപ്പോൾ ഞാൻ ചോദിച്ചു മാതൃസഹോദരി! നിങ്ങൾ എങ്ങനെയാണ് പിന്നെ ജീവിച്ചിരുന്നത്? ഹസ്റത്ത് ആയിശ(റ) പറഞ്ഞു: കാരക്ക തിന്നുകയും വെള്ളം കുടിക്കുകയും ചെയ്യുമായിരുന്നു; നബി(സ)യുടെ അയൽവാസി ഒരു അൻസാരി സഹോദരനായിരുന്നു. അദ്ദേഹത്തിന് പാൽ ചുരത്തുന്ന ഒരു മൃഗമുണ്ടായിരുന്നു. ആ അൻസാരി നബി(സ)ന് സമ്മാനമായി പാൽ കൊടുത്തയക്കുമായിരുന്നു. അതവിടന്ന് ഞങ്ങൾക്ക് തരുമായിരുന്നു.

സഹ്ൽ ബിൻ സഅ്ദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) എപ്പോഴെങ്കിലും അരിച്ചെടുത്ത മാർദ്ദവമേറിയ ആട്ടകൊണ്ടുണ്ടാക്കിയ റൊട്ടി എപ്പോഴെങ്കിലും കഴിച്ചിട്ടുണ്ടോ, എന്ന് ചോദിക്കപ്പെട്ടു. സഹ്ൽ പറഞ്ഞു: നബി(സ) അവസാനശ്വാസംവരെ ഇത്തരം റൊട്ടി ഒരിക്കലും തിന്നിട്ടില്ല. കണ്ടിട്ടുമില്ല. ഞാൻ ചോദിച്ചു നബിയുടെ കാലഘട്ടത്തിൽ അരിപ്പ ഉണ്ടായിരുന്നില്ലേ? അദ്ദേഹം പറഞ്ഞു, നബി(സ)ന്റെ ദൗത്യപ്രഖ്യാപനം മുതൽ അവസാനകാലം വരെ അവിടന്ന് അരിപ്പ കണ്ടിട്ടില്ല. അബൂ ഹാസിം പറയുന്നു: ഞാൻ സഹ്ൽനോട് ചോദിച്ചു. അരിച്ചെടുക്കാത്ത യവത്തിന്റെ റൊട്ടി നിങ്ങൾ എങ്ങനെയാണ് ഭക്ഷിച്ചിരുന്നത്. അദ്ദേഹം പറഞ്ഞു: ഞങ്ങളത് കുത്തിയെടുത്തതിനുശേഷം ഊതി ഉമി അകറ്റുമായിരുന്നു. ബാക്കി ഞങ്ങൾ കഴിക്കുമായിരുന്നു.

ഒരിക്കൽ പുറംദേശത്തുനിന്ന് വന്ന ഒരു സേവക ധാന്യത്തിൽനിന്ന് പൊടി പാറ്റുകയായിരുന്നു. ഇതെന്താണ് ചെയ്യുന്നതെന്ന് അവിടന്ന് ചോദിച്ചു. ഞങ്ങളുടെ നാട്ടിൽ ഇങ്ങനെ അരിച്ചെടുത്താണ് മാവ് കുഴക്കാറുള്ളതെന്ന് അവൾ പറഞ്ഞു. അവിടന്ന് പറഞ്ഞു: അത് കളയണ്ടാ. അതും ചേർത്തു കുഴയ്ക്കുക.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) എപ്പോഴെങ്കിലും പ്ലെയിറ്റിൽ ഭക്ഷണം കഴിച്ചിരുന്നതായി എനിക്കറിയില്ല. അതുപോലെതന്നെ അവിടത്തേക്കായി ചപ്പാത്തിയുണ്ടാക്കിയിരുന്നതായും എനിക്കറിയില്ല. ഇരിപ്പിടത്തിൽനിന്ന് ഉയർന്ന സ്ഥലത്ത് ഭക്ഷണം വെച്ചിരുന്ന് കഴിച്ചതായും കണ്ടിട്ടില്ല.

ഖത്താദ(റ)യോട് ചോദിക്കപ്പെട്ടു. നബി(സ) എങ്ങനെയാണ് ഭക്ഷണം കഴിച്ചിരുന്നത്. അദ്ദേഹം പറഞ്ഞു: താഴെ വിരിപ്പിലിരുന്നാണ് നബി(സ) ഭക്ഷണം കഴിച്ചിരുന്നത്.

താഴെ തുണി വിരിച്ച് അതിലിരുന്ന് ഭക്ഷണം കഴിക്കുമായിരുന്നു. ഒരുഭാഗത്ത് അവിടന്ന് ഭരണം കൈയാളുന്ന ആളായിരുന്നു. ഭരണച്ചുമതല ഏതെങ്കിലും പീഠത്തിലോ കസേരയിലോ ഇരുന്ന് അവിടന്ന് നിർവ്വഹിക്കുമായിരുന്നില്ല. പ്രത്യുത, മസ്ജിദ് നബ്വിയായിരുന്നു അവിടത്തെ പ്രവർത്തന കേന്ദ്രം. അവിടെ എവിടെയാണോ സൗകര്യപ്പെട്ടിരുന്നത് അവിടെയിരുന്ന് കാര്യങ്ങൾ കേൾക്കും. എങ്കിലും അവിടത്തെ ദർബാറിലെ ജനങ്ങളിൽ ഭൗതികരാജാക്കന്മാരെക്കാൾ കൂടുതൽ ആദരയുക്തമായ ഭയം ഉണ്ടായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ)യുടെ അടുക്കൽ ഒരാൾ വന്നു. സംസാരിക്കാൻ തുടങ്ങിയപ്പോൾ അയാൾ വിറക്കാൻ തുടങ്ങി. നബി(സ) അയാളോട് പറഞ്ഞു സമാധാനമായിരിക്കുക. ഞാൻ രാജാവൊന്നുമല്ല. ഉണക്ക മാംസം ഭക്ഷിച്ച് ജീവിതം കഴിച്ചിരുന്ന ഒരു സാധാരണസ്ത്രീയുടെ മകനാണ് ഞാൻ. ദൈവദത്തമായ ഈ റുഅ്ബ് (മറ്റുള്ളവരിലുണ്ടാക്കുന്ന ആദരയുക്തമായ ഭയം) ഏതെങ്കിലും സിംഹാസനമൊന്നും ആഗ്രഹിക്കുന്നതായിരുന്നില്ല. ലാളിത്യത്തിലും വിനയത്തിലും തന്നെയായിരുന്നു അതിന്റെ സൗന്ദര്യം നിലനിന്നിരുന്നത്.

ഈ ഹദീസ് വിവരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അഹങ്കാരി അല്ലാഹുവിന്റെ സിംഹാസനത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്നു. ഈ വൃത്തികെട്ട സ്വഭാവത്തിൽനിന്ന് എപ്പോഴും അല്ലാഹുവിനോട് അഭയം തേടേണ്ടതാണ്. നിങ്ങൾ വിനയം കൈക്കൊള്ളുമ്പോഴെല്ലാം അല്ലാഹുവിന്റെ വാഗ്ദാനം നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. കാരണം വിനയം കൈക്കൊള്ളുന്നവൻ മാത്രമാണ് അല്ലാഹുവിന്റെ സ്നേഹിതൻ. നോക്കുക, നമ്മുടെ ആദരണീയനായ നബി(സ)ക്കുണ്ടായ വിജയങ്ങൾ മുൻപ്രവാചകന്മാർക്കൊന്നും കിട്ടാത്തതായിരുന്നു. എന്നാൽ, നബി(സ)ന് അല്ലാഹു എത്രത്തോളം വിജയം നല്കിയോ അത്രത്തോളം അവിടന്ന് വിനയം കൈക്കൊണ്ടു. അവിടത്തെ ജീവിതം ലളിതമായിരുന്നു. ജനങ്ങളുമായി ഇടപഴകിയുള്ളതായിരുന്നു. ആർക്കും നബിയെ നേരിട്ട് കണ്ട് ആവശ്യം പറയുകയും അത് പൂർത്തിയാക്കുകയും ചെയ്യാമായിരുന്നു. ജനങ്ങൾ നബിയുടെ അടുക്കൽ ഇതിനായി വരികയും ചെയ്തിരുന്നു."

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ്(റ)നിവേദനം ചെയ്യുന്നു. മദീനയിലെ അടിമസ്ത്രീകളിൽ ഏത് സ്ത്രീയും തങ്ങളുടെ എന്തെങ്കിലും കാര്യത്തിനായി നബി(സ)നെ കൂടെക്കൊണ്ടുപോകുമായിരുന്നു. നബി(സ) അവരെ നിഷേധിക്കുമായിരുന്നില്ല. അവർക്കുവേണ്ടി സേവനം ചെയ്യുമായിരുന്നു.

ഔപചാരികമായ ജാഡകളൊന്നുമില്ലാത്ത സാധാരണ ചുറ്റുപാടായിരുന്നു അത്. ആരിൽനിന്നും അത് മറഞ്ഞതായിരുന്നില്ല. നബിയുടെ ഈ ലാളിത്യവും ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടുള്ള ജീവിതവും മറ്റുള്ളവരിലും സ്വാധീനമുണ്ടാക്കിയിരുന്നു. ഇക്കാലത്തും അതിന്റെ സ്വാധീനം മറ്റുള്ളവരിലുണ്ട്. എല്ലാ സ്ഥലത്തും ഇത് കാണാം. ഇതിന്റെ ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. നിരവധി ഉദാഹരണങ്ങളുണ്ട്. അന്യർക്കും ഇത് അംഗീകരിക്കാതിരിക്കാൻ ഇന്ന് പറ്റുകയില്ല. കേരംഗ് ആംസ്ട്രോംങ്ങ് എഴുതിയിരിക്കുന്നു. "മുഹമ്മദ്(സ) എപ്പോഴും സാധാരണ മാർഗ്ഗം ശരിയായ നിലയിൽ ഉപയോഗിച്ചുകൊണ്ട് ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിച്ചു. ഇത് വെളിപ്പെട്ടത് അവിടന്ന് അറേബ്യയിലെ ഉത്തമഭരണാധികാരിയായിരിക്കുമ്പോഴാണ്. സുഖാഢംബരജീവിതത്തോട് നബിക്ക് വെറുപ്പായിരുന്നു. മിക്കപ്പോഴും വീട്ടിൽ കഴിക്കാൻപോലും ഒന്നും ഉണ്ടാകുമായിരുന്നില്ല. ഒരു ജോഡി വസ്ത്രമല്ലാതെ കൂടുതലൊന്നും ഒരേസമയം നബിയുടെ പക്കൽ ഉണ്ടായിരുന്നില്ല. സ്വഹാബിമാർ നബിയോട് വിലകൂടിയ വസ്ത്രം ധരിക്കാൻ പറയുമ്പോൾ അവിടന്ന് അതെല്ലാം നിഷേധിച്ചു. എന്നല്ല, സാധാരണ ഖദറിന്റെ വസ്ത്രം അണിഞ്ഞു. അതാണെങ്കിൽ പാവങ്ങളായിരുന്നു ധരിച്ചിരുന്നത്. നബിക്കെന്തെങ്കിലും സമ്മാനമോ യുദ്ധത്തിൽ പിടിച്ചെടുത്ത വല്ല സാധനമോ വന്നാൽ അവിടന്ന് അത് ദരിദ്രരിൽ വിതരണം ചെയ്യും. വീണ്ടും അദ്ദേഹം എഴുതുന്നു. ഹസ്റത്ത് ഈസായെ പോലെ അവിടന്ന് മുസ്ലിംകളോട് പറയുമായിരുന്നു. അശരണരും ദരിദ്രരുമായ വ്യക്തികൾ സമ്പന്നരേക്കാൾ മുമ്പേ സ്വർഗ്ഗത്തിൽ പ്രവേശിക്കും." ഇത്തരം വാക്കുകളാൽ വേറെ ചില ക്രിസ്ത്യാനികളും നബിയെ സ്മരിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ നബിയുടെ ലാളിത്യം സർവ്വഥാ അംഗീകരിക്കപ്പെട്ടതാണ്.

അല്ലാഹുതആല നബിയുടെ ഉമ്മത്താണെന്ന് അഭിമാനംകൊള്ളുന്ന നമുക്ക് നബിയുടെ ജീവിതമാതൃക അനുസരിച്ച് ജീവിച്ചുകൊണ്ട് ലാളിത്യവും ഉള്ളതുകൊണ്ട് ജീവസന്ധാരണം നടത്താനുള്ള കരുത്തും നല്കുമാറാകട്ടെ. ഓരോ ഹദീസിലും നിരവധി സന്ദേശങ്ങൾ ഉണ്ട്. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. കാരണം നബി(സ) നമ്മുടെ മുമ്പിൽ പ്രവർത്തിച്ചുകാണിച്ച മാതൃകയാണിത്. ഇത് നമ്മുടെ ഉന്നമനത്തിനുവേണ്ടിയാണ്. കേൾക്കാനും കഥ പറയാനുമല്ല. അല്ലാഹു നമുക്കെല്ലാം ഇതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
12.8.2005
at
Baithul Futhuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala